DESPATCHED
On. 14/3/23..

സംസ്ഥാന വിവരാവകാശ കമ്മീഷൻ, കേരളം
പുന്നൻ റോഡ്, തിരുവനന്തപുരം 695 001
Tel: 0471- 2561631, 2561614, 2561615, Fax: 0471-2330920
Email:- sic.ker@nic.in

## ഹർജി നമ്പർ **AP.No. 606(5)/19/SIC**
## തീർപ്പ്കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം
## File No. 3654/SIC-G7/2019

**സന്നിഹിത**
**ശ്രീമതി ശ്രീലതപി.ആർ.,സംസ്ഥാനവിവരാവകാശ കമ്മീഷണർ**
**ഉത്തരവ് തീയതി – 30.10.2022**

**ശ്രീ. നസീർമോൻ. സിടി**
**ചീരാൻതൊടിക ഹൗസ്,**
**പൂവ്വത്തിക്കൽ പി.ഒ,**
**മലപ്പുറം – 673 639.** — **അപ്പീൽഹർജിക്കാരൻ**

**സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,**
**സ്റ്റേറ്റ് പോലീസ് കംപ്ലയിന്റ് അതോറിറ്റി,**
**ടി.സി നം. XV/1402, ടാഗോർ നഗർ, വഴുതക്കാട്,**
**തിരുവനന്തപുരം – 695 014.**

**അപ്പീൽ അധികാരി,**
**സ്റ്റേറ്റ് പോലീസ് കംപ്ലയിന്റ് അതോറിറ്റി,**
**ടി.സി നം. XV/1402, ടാഗോർ നഗർ, വഴുതക്കാട്,**
**തിരുവനന്തപുരം – 695 014.** — **എതിർകക്ഷികൾ**

## ഉത്തരവ്

| | |
|---|---|
| 6(1) അപേക്ഷ തീയതി | 19.07.2018 |
| പബ്ലിക് ഇൻഫർമേഷൻ ഓഫീസറുടെമറുപടി | 26.07.2018 |
| ഒന്നാംഅപ്പീൽ | 23.08.2018 |
| അപ്പീൽ അധികാരിയുടെ തീരുമാനം | 06.09.2018 |
| രണ്ടാംഅപ്പീൽ | 05.03.2019 |
| ഹിയറിംഗ്തീയതി, സ്ഥലം | 07.10.2021 , (ഓഡിയോ ഹിയറിംഗ്) |

1. അപ്പീൽ ഹർജിയും മറ്റ് അനുബന്ധരേഖകളും പരിശോധിക്കുമ്പോൾ, ശ്രീമതി അസ്മാബീവി എന്ന വ്യക്തി സമർപ്പിച്ച പരാതി പ്രകാരം അതോറിറ്റി സ്വീകരിച്ച നടപടികളുടെ പൂർണ്ണമായ വിവരങ്ങളും ഫയലിലെ മുഴുവൻ രേഖകളുടെയും പകർപ്പുകളും മേൽ പരാതിയിൽ അന്വേഷണം നടത്തിയ ഉദ്യോഗസ്ഥൻമാരുടെ പേരും പദവിയുമാണ്.

2. പ്രസ്തുത അപേക്ഷയ്ക്ക് ഒന്നും രണ്ടും എതിർകക്ഷികളിൽ നിന്നും വിവരം ലഭിക്കാത്തതിനെ തുടർന്ന് കമ്മീഷൻ മുമ്പാകെ രണ്ടാം അപ്പീൽ സമർപ്പിച്ചു.

3. അപ്പീൽ ഫയലിൽ സ്വീകരിച്ച കമ്മീഷൻ ഇരുകക്ഷികളേയും 07.10.2021 തീയതി ഹിയറിംഗ് കേൾക്കാൻ നിശ്ചയിക്കുകയുണ്ടായി. പ്രസ്തുത ഹിയറിംഗ് തീയതിയിൽ പങ്കെടുത്ത എസ്.പി.ഐ.ഒ കമ്മീഷൻ മുമ്പാകെ മൊഴി നൽകുകയും റിപ്പോർട്ട് സമർപ്പിക്കുകയും ഉണ്ടായി. ടി ഓഫീസിൽ ലഭ്യമായ വിവരങ്ങളുടെ അടിസ്ഥാനത്തിൽ, ശ്രീമതി അസ്മാബീവിയുടെ പരാതിയിൽ ഒപ്പ് രേഖപ്പെടുത്തിയിട്ടില്ലാത്തതിനാൽ തിരിച്ച് അയച്ചതായി കാണുന്നു എന്നും ആഭ്യന്തരം (എസ്.എസ്.എ) വകുപ്പിന്റെ 26.09.2019 ലെ എസ്.ആർ.ഒ 684/2019 വിജ്ഞാപനത്തിലെ ചട്ടം 3(2) പ്രകാരം ന്യൂനതകളുള്ള പരാതി അതോറിറ്റിയിൽ ലഭിക്കുന്ന പക്ഷം കാരണം വ്യക്തമാക്കി പരാതി മടക്കി നൽകേണ്ടതാണെന്നും ആകയാൽ ഒപ്പ് രേഖപ്പെടുത്താതെ ലഭിച്ച പരാതിയാകയാൽ അക്കാര്യം ചൂണ്ടി കാട്ടി പരാതി തിരിച്ചു എന്നാണ് ഒന്നാം എതിർകക്ഷി അറിയിച്ചത്.

4. വസ്തുതകൾ വിലയിരുത്തുമ്പോൾ, ശ്രീമതി അസ്മാബീവിയുടെ പരാതിയിൽ ഒപ്പ് രേഖപ്പെടുത്താത്ത സാഹചര്യത്തിൽ തുടർ നടപടികൾ സ്വീകരിച്ചിട്ടില്ല എന്ന ഒന്നാം എതിർകക്ഷിയുടെ മൊഴിയും റിപ്പോർട്ടും അംഗീകരിക്കാവുന്നതാണ്. ഒന്നാം എതിർകക്ഷി 26.07.2018 ൽ നൽകിയ മറുപടിയിൽ അപ്പീൽ അധികാരിയുടെ പേരും മേൽവിലാസവും അപ്പീൽ കാലാവധിയും രേഖപ്പെടുത്താതിരുന്നത് ഒന്നാം എതിർകക്ഷിയുടെ ഭാഗത്തു നിന്നുമുണ്ടായ വീഴ്ചയായി കമ്മീഷൻ വിലയിരുത്തുന്നു. ഭാവിയിൽ ഇത്തരത്തിലുള്ള വീഴ്ചകൾ ഉണ്ടാകാനിടയാകരുതെന്ന് ഒന്നാം എതിർകക്ഷിയെ ഓർമ്മപ്പെടുത്തി കൊണ്ട് ഈ അപ്പീൽ ഹർജിയിൻമേൽ മറ്റ് നടപടികൾ ആവശ്യമില്ല എന്ന് വിലയിരുത്തി **ഇന്നേ ദിവസം 2022 ഏപ്രിൽ മാസം –ാം തീയതി തീർപ്പാക്കി ഉത്തരവാകുന്നു.**

**(ഒപ്പ്)**

**ശ്രീലത. പി. ആർ.**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

കമ്മീഷൻ സെക്രട്ടറി

RIGHT TO INFORMAT